




# ലിറ്റിൽ കൈറ്റ്സ്

IT @ School

## ഡിജിറ്റൽ മാഗസീൻ

## 2018-'19

മറ്റത്തൂർ ശ്രീ കൃഷ്ണ ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് കുട്ടികളുടെ പ്രയത്നഫലമായി ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നതിൽ വളരെയധിക സന്തോഷമുണ്ട്.വിദ്യാർത്ഥികളുടെ സർഗ്ഗാത്മക കഴിവുകൾ പ്രോൽസാഹിപ്പിക്കുന്നതിനും ഡിജിറ്റൽ സാങ്കേതിക വിദ്യയിൽ കൂടുതൽ അറിവ് നേടുന്നതിനും ഈ പ്രവർത്തനം ഉപകാരപ്രദമാകട്ടെ എന്ന് ആശംസിക്കുന്നു.ഈ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നതിനു വേണ്ടി പ്രവർത്തിച്ച ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും മറ്റു വിദ്യാർത്ഥികൾക്കും അധ്യാപകർക്കും പ്രത്യേകം അഭിനന്ദനങ്ങൾ.



എന്ന്

എം മഞ്ജുള

(ഹെഡ്മിസ്ട്രസ്)

MANJULA.M
Headmistress
S.K.H.S. Mattathur
Pin-680 684

# Editorial...

dear reader,

we are proud to present you this magazine .
It has not been a easy task. Although every member in little kites helps out in the various types of work to produce the magazine,there are some members who work harder than others .however , in return they have gained most invaluable first—hand experience in the production of our magazine.

Through happy co—operation,we have known and understood one another better as individuals. In fact,we are glad to work together. Who can tell the joy when a member is enthusiastic in his work. We have to rack our brain to produce the school magazine. Innovations have been introduced We hope this would give the readers some fresh directions and not a mere reminder of dull memoranda and deary notices.

Thank you ,

EDITOR



VINCY teacher
(staff editor)

=========EDITORIAL BOARD========

| | | | |
|---|---|---|---|
|  |  |  |  |
| ATHUL KRISHNA T.K | ABHISHEKE K.B | ABHAYDEV C.S | ARUN A.R |

# ഉള്ളടക്കം


1.കാവ്യബാല്യം..........................................................1

2.എൻെറ  മുറ്റത്തെ തേൻമാവ്..............................................2

3.ഏകാന്തത..............................................................4

4.കേരളത്തെ മാറ്റിമറിച്ച പ്രളയം..........................................5

5.മഴ....................................................................6

6.മഴയും കറണ്ടും........................................................8

7.എൻെ ബാല്യം...........................................................9

8.ചങ്കിലെ പെണ്ണായിരുന്നവൾ...........................................10

9.നിലാവിൽ കുടുങ്ങിയ നേരം...........................................11

10.മറഡോണ............................................................12

11.അഗ്നിയിലെ നൊമ്പരം.................................................15

12.സ്നേഹം..............................................................16

13.കലോത്സവ മേഖല.....................................................17

14.കായിക മേഖല.........................................................18

# കാവ്യ ബാല്യം

**മറഞ്ഞൊരാ പുസ്തക താളുകളിൽ**
**വീണ്ടും തിരയുന്നു ഞാനെൻെറ സ്വപ്നങ്ങൾ**
**കാലം കറുപ്പിച്ച മൃദുലമാം ഏടുകൾ**
**തെളിയുന്നു സ്നേഹത്തിൽ പൊൻപീലികൾ**
**ഒഴുകുന്ന രോമാഞ്ചമേകുന്ന കുളിരുകൾ**
**കുഞ്ഞു തമാശകൾ നെയ്തു നാം തീർത്തൊരാ**
**അക്ഷരമുറ്റത്തെ പുഞ്ചിരി തോട്ടവും**
**നാം നട്ട തൈകളും പൂക്കളും കായ്കളും**
**ഇന്നെൻെറ മുറ്റത്തൊരു നീർന്നൊരോർമയായ്**
**മാനം കറുത്തപ്പോൾ മിഴിനീർ പൊഴിഞ്ഞപ്പോൾ**
**ഒരു കുട കീഴിൽ നാം ചേർന്നു നടന്നതും**
**പ്രണയമാം സന്ധ്യയെ പിന്തുടർന്നെത്തുമാ**
**കൺകുളിർ കാഴ്ച്ചയാണാ ഓർമ്മകൾ**
**ഓർമ്മയിൽ ഉണരുമെൻ പ്രണയവും**
**നാം അതിൽ തീർത്തൊരാ സ്വർഗ്ഗവും**
**ഹൃദയമാം സന്ധ്യയിൽ ഹൃദ്യമാം നോവിൽ**
**ഹൃദയാനുരാഗം ഞാൻ രചിച്ച**
**അകലുന്ന നേരത്തിൽ ഒരു വാക്ക് ചൊല്ലട്ടെ**
**പേപ്പറിൽ പേനകൊണ്ടെഴുതിയ കാവ്യമാണ് പ്രണയമെങ്കിൽ**
**ചങ്കിൽ ചോരകൊണ്ടെഴുതിയ ഇതിഹാസമാണ് സൗഹൃദം**

**-ജോമോൾ . പി . ജെ**
**8H**



# എൻെറ മുറ്റത്തെ തേൻമാവ്

പ്രശാന്ത സുന്ദരമായ ഗ്രാമത്തിൻെറ  ഏറ്റവും അറ്റത്താണ് എൻെറ വീട് . വീടിനോട് ചേർന്ന് പച്ചവിരിച്ച് കിടക്കുന്ന പാടം . ഇവിടെ നിന്നു നോക്കി-യാൽ നിരനിരയായി തല ഉയർത്തി നിൽക്കുന്ന കോടശ്ശേരി മലനിരകളും കാണാം.എൻെറ വീട്ടു മുറ്റത്ത് പേര,ചാമ്പ,റംബൂട്ടാൻ,ഫാഷൻഫ്രൂട്ട്,മൾബ-റി,തേൻമാവ് എന്നീ ഫലവൃക്ഷങ്ങൾ ഉണ്ട്.വീടിൻെറ തെക്കേ അറ്റത്തായി ഒരു മാവുണ്ട് "എൻെറ തേൻ മാവ് ". ഞാൻ നട്ട് വളർത്തിയതല്ല.ഞങ്ങൾ ഈ സ്ഥലം വാങ്ങുമ്പോഴുള്ളതാണേ.പക്ഷേ എനിക്ക് ആ തേൻമാവിനോട് വല്ലാത്തൊരു ആത്മബന്ധമാണ്.ആദ്യമായി എൻെറ അച്ഛൻ ഊഞ്ഞാൽ കെട്ടിതന്നത് ഈ മാവിൻെറ കൊമ്പിലാണ്.കളിക്കുമ്പോൾ ഞാൻ മാവിൻെറ കൊമ്പിൽ ഏങ്ങിവലിഞ്ഞു കയറും.എനിക്ക് ആ മാവിൽ നിന്ന് വീണ് ഇതുവരെ പരിക്കുകളൊന്നും പറ്റിയിടില്ല.എല്ലാവരും പറഞ്ഞു ആ മാവുമുറിച്ചു കളഞ്ഞില്ലെങ്കിൽ ഞങ്ങളുടെ വീടിന് അത് ദോഷം ചെയ്യുമെന്ന്.മാവിൻെറ വേരുകൾ ഉള്ളിലേക്ക് കയറി വീടിൻെറയും മതിലിൻെറയും കല്ലുകൾ ഇളകിപോകും എന്നൊക്കെ.

എൻെറ തേന്മാവിപ്പോൾ ഒരുപാട് വളർന്ന് പടർന്ന് പന്തലിച്ചു നിൽക്കുകയാണ്. പക്ഷേ ഇതുവരെ ഞങ്ങളുടെ വീടിനോ മതിലിനോ ഒരു ദോഷവും  വരുത്തിയിട്ടില്ല.മാവിനോട് അടുത്തുള്ള മുറിയിലാണ് എൻെറ കിടപ്പ്.നേരം പുലർന്നു വരുമ്പഴേക്കും കിളികളുടെ ശബ്ദം കേൾക്കാം. പലതരം കിളികളുടെ കരച്ചിൽ എന്നെ നേർത്തേ എണീപ്പിക്കാൻ വേണ്ടിയാകും അവർ വന്ന് കരയുന്നതെന്ന് ഞാൻ വിചാരിക്കും, അതോ അവിടെതന്നെയാണോ അവർ താമസിക്കുന്നത്, എന്നൊക്കെ ഞാൻ ചിന്തിച്ച് കിടക്കും. മാമ്പഴം പഴുത്തുതുടങ്ങിയാൽ പറയേണ്ട, അത്രയും സന്തോഷമാണവർക്ക്.

തേന്മാവിങ്ങനെ പടർന്നുനിൽക്കുന്നതിനാൽ എൻെറ വീടിൻെറ തെക്കു പടിഞ്ഞാറു വശം തണലാണ്. എത്ര ചൂടിലും ഞങ്ങളുടെ വീട്ടിലിരുന്നാൽ ചൂടറിയില്ല, നല്ല കാറ്റാണ്. എല്ലാവരും പറഞ്ഞത് കേട്ട് ഞങ്ങൾ മാവ് മുറിച്ചെങ്കിൽ എനിക്ക് ഇതൊക്കെ ആസ്വദിക്കാൻ കഴിയുമായിരുന്നോ.

ഈ തേൻമാവ് ഞങ്ങളുടെ വീടിൻെറ ഐശ്വര്യമാണിപ്പോൾ.

അനിരുദ്ധ് .കെ .എസ്



6B

# ഏകാന്തത

ഏകാന്തത തൻ ചുരുളഴിച്ച്
ഏകയായി ഞാൻ ഏറെനാൾ
ഏകാന്തത തൻ കൂരിരുൾ പാച്ചിലിൽ
ഒഴുകി ഞാൻ ഏറെനാൾ

വെളിച്ചം കണ്ടെത്താനുള്ള വാശി
എന്നിൽ പകർന്നു ധൈര്യം
വെളിച്ചം കണ്ടെത്താനുള്ള ദൂരം
എൻ മുന്നിലൊരു ചോദ്യചിഹ്നമായി നിന്നു

അവസാനം ഞാൻ കണ്ടെത്തി
എൻ വെളിച്ചം
അപ്പോൾ ഞാൻ മനസ്സിലാക്കി,
ദു:ഖക്കടലിൽ നിന്നും സന്തോഷക്കടലിലേക്ക്
നീന്താനെടുക്കും ദൂരം അതാണ്.....



കൃഷ്ണഗായത്രി .പി
**9F**

# കേരളത്തെ മാറ്റിമറിച്ച പ്രളയം

കേരളത്തെ മാറ്റിമറിച്ച പ്രളയക്കെടുതി വലിയൊരു ദുരന്തമാണ് കാഴ്ച്ചവെച്ചത്. പലരുടേയും പാർപ്പിടങ്ങളും ആവശ്യസാധനങ്ങളും പ്രളയത്തിൽ നശിച്ചു പോയി. മുന്നൂറിലധികം മനുഷ്യജീവനുകൾ കേരള ജനതയ്ക്ക് ഓർമ്മയായി മാറി.പോലീസിന്റെയും വിവിധ സേനകളുടെയും സഹായത്തോടുകൂടി മുക്കാൽ ഭാഗം ജനങ്ങളെ ജീവിതത്തിലേക്ക് പിടിച്ചു കയറ്റി. പുഴകളും തോടുകളും കവിഞ്ഞൊഴുകി. വീടുകളിൽ വെള്ളം നിറഞ്ഞു. വെള്ളത്തിന്റെ അളവ് കൂടുന്ന കാരണം കേരളത്തിലെ മുഴുവൻ ഡാമുകളും തുറന്നു. ഉരുൾ പൊട്ടലും മണ്ണിടിച്ചിലും കാരണം വളരെയധികം കഷ്ടതകളുണ്ടായി. ഗതാഗതം തടസ്സപ്പെട്ടു. മൊബൈൽ ടവറുകളിൽ വെള്ളം കയറി നശിച്ച കാരണം റേഞ്ചുകൾ കിട്ടാതായി. ചാർജ് ഇല്ലാത്ത കാരണം എമർജൻസി ലാംബുകൾ വെളിച്ചം തരാതായി. എന്നിങ്ങനെ കുറെയേറെ പ്രശ്നങ്ങൾ നമ്മൾ നേരിടേണ്ടിവന്നു. പകലും രാത്രിയും കാർമേഘങ്ങ-ളാൽ മൂടപ്പെട്ട കാരണം തിരിച്ചറിയാൻ പ്രയാസമായി, വൈദ്യുതി നിലച്ചു, വാട്ടർ ടാങ്കുകളിൽ വെള്ളം കഴിഞ്ഞു. വെള്ളം കയറിയ വീടുകളിൽ കിണറിലെ ശുദ്ധജലം വൃത്തിക്കേടായി. കുടിക്കാൻ ഒരുത്തുള്ളി വെള്ളം കിട്ടാതായി. അങ്ങനെ പലയിടങ്ങളിലും ശുദ്ധജല പ്രശ്നങ്ങളുണ്ടായി. പോലീസിൻെറയും സേനകളുടെയും പ്രയത്നം കൊണ്ട് മാത്രമല്ല മനുഷ്യരുടെ ജീവൻ രക്ഷിക്കാൻ സാധിച്ചത്. കടലമ്മയുടെ മക്കളായ മത്സ്യതൊഴിലാളികളാണ് രക്ഷാപ്രവർത്തനത്തിന് മുന്നിട്ടിറങ്ങിയത്. ഓണലൈൻ മാധ്യമങ്ങളിലൂടെ വന്നൊരു വാചകമുണ്ട്, 'The America has spider man, super man, bat man.....etc. But Kerala has only one man that is fisher man'. ഈ വാചകങ്ങളിൽ വലിയൊരു സത്യമാണ് നിറഞ്ഞിരിക്കുന്നത്. മത്സ്യത്തൊഴിലാളികൾ ആദരിക്കപ്പെടേണ്ടവരാണ്. കേരളീയരുടെ മനസ്സിൽ അവരെന്നുമുണ്ടാകും. 1924 – ൽ ഇതുപോലൊരു വെള്ളപ്പൊക്കം നമുക്ക് നേരിടേണ്ടി വന്നു. അന്നും നമ്മൾ അതിനെ അതിജീവിച്ചു. ആ ശക്തി എന്നും നമ്മുടെ ഉള്ളിലുണ്ടാകണം. നമ്മൾ എന്തിനെയും അതിജീവിക്കും കാരണം ഇത് ദൈവത്തിൻെറ സ്വന്തം നാടാണ്,This is 'god 's own country'.



**വസുദേവ് .എ .എ , 6E**


# മഴ

നീലക്കാർ പരവതാനി വിരിച്ചാകാശം
മെല്ലെ ചിരിക്കുന്നു
മണ്ണിൻെറ മക്കളിതാ
ആനന്ദ പുളകിത നൃത്തമാടി
കോകില ജാലങ്ങൾ കോലക്കുഴൽ മീട്ടവെ
മെല്ലെ കരയുന്ന തവളകളും
തെക്കേപറമ്പിലെ തേന്മാവിൻ കൊമ്പത്തേറെ-
നാളായ് മഴ കാത്തിരിക്കുന്നൊരാ
ചേലൊത്ത വേഴാമ്പലിൻ മുഖത്തും
പാലൊളി തൂകുന്ന വെണ്ണിലാവ്
പെട്ടെന്നിതാ കരിങ്കാറിൻ കഴുത്തിലെ
പവിഴമുത്തുമണികളോരോന്നായ്
പാരിൻ മടിത്തട്ടിലേക്ക് പൊട്ടിവീണു
അതിലോല നിർമ്മല ശ്വേതകണങ്ങൾ ചിന്നിച്ചിതറി
മണ്ണിലാകെ കോപിച്ചു
മഴക്കാറിൻ കൂട്ടങ്ങളോരോന്നായ്
സ്വയം കൂട്ടിയിടിക്കവെ
അഴകേറും നീല പട്ടുവിരിച്ച്
തലയിൽ മുത്തുക്കിരീടവും ചൂടി
ആനന്ദ നൃത്തമാടുന്ന മയൂരങ്ങളും.
പുതുമഴതൻ നേർത്ത തളിരിൽ മുങ്ങി
പുൽച്ചെടികൾ തൻ മീതെ ചാടിക്കളിക്കുന്ന
പുൽച്ചാടിക്കൂട്ടന്മാരും
പുതമഴത്തുള്ളികൾ മെല്ലെ തലോടിയപ്പോഴതാ
റോജാചെടിതൻ അറ്റത്തെ കൊമ്പിലതാ ചിരിതൂകി
നിൽക്കുന്ന റോജാപൂവ്.
മത്ത കുമ്പള പടവല വള്ളികളും
പൂചൂടിയണിഞ്ഞൊരുങ്ങി നിൽക്കുമ്പോൾ

കഷ്ടതകൾ മാത്രം കൂട്ടായ കർഷകമനസ്സിൽ
മൊട്ടിടുന്ന പുതുപ്രതീക്ഷ തൻ നാമ്പുകൾ
വറ്റി വരണ്ടുകിടക്കും പുഴകളും
അരുവികളും നീർച്ചാലുകളും കളകളം പാടിയൊഴുകുന്ന
പുഞ്ചപ്പാടത്തെ നെൽച്ചെടികളെല്ലാം
പുതുകതിരുകൾ ചൂടി തലയാട്ടി നിൽക്കുന്ന
ഈ നറു മഴയ്ക്കുശേഷം
മണ്ണിനെ, മനുഷ്യനെ, മരങ്ങളെ
പൂക്കളെ, ചെടികളെ സകല
ജീവജാലങ്ങളെ
കുളിരണിയിക്കുന്ന വിണ്ണിൻെറ
സമ്മാനമാണു മഴ
എന്റെ മഴ എന്റെ സ്വന്തം മഴ




-അശ്വതി . എ . എസ്
8 . H



ABHAYDEV CS

# മഴയും കറണ്ടും




പ്രണയത്തിലായിരുന്നു
എന്റെ ഗ്രാമത്തിലെ
മഴയും കറണ്ടും
മഴ എപ്പോൾ വന്ന്
വിളിച്ചാലും
കറണ്ട് പോകുമായിരുന്നു.

കല്ല്യാണം കഴിഞ്ഞെന്ന് തോന്നുന്നു
മഴ വിളിച്ചാൽ!!!
ഇപ്പോൾ കറണ്ട് പോകാറില്ല!!!!!

# എന്റെ ബാല്യം

എവിടെയോ നഷ്ടമായ് എനിക്കിന്നത്
ഒരിക്കലും തിരിച്ചുകിട്ടാത്ത സ്മരണയായ്
ഓരോ ഓർമ്മകളും നോവുന്ന നൊമ്പരമായ്
കൊതിച്ചു പോകുന്നു ഞാൻ ഇനിയുമിനിയും
വരുമോ എന്നിലേക്ക് നീ തിരികെ
അറിയാം അസാധ്യമാണ് എന്നാലും മനം
അതിനായ് തുടിക്കുന്നു ഓരോ നിമിഷവും
കളിച്ചു നടന്നതും , വാശി പിടിച്ചതും
കരഞ്ഞുപോയതും , അന്നാണല്ലോ !
എവിടെയാണ് നീ ബാല്യമേ
നിൻ തലോടലിനായ് ഞാൻ കൊതിക്കുന്നു....



ABHAYDEV CS
9.E

# ചങ്കിലെ പെണ്ണായിരുന്നവൾ

മറക്കുവാൻ ശ്രമിക്കുന്തോറും എന്തേ
അവൾ മായാതെ നിൽക്കുന്നു.
മാരിവിലിൻ അഴകാർന്ന അവളുടെ കാർ-
ക്കുന്തൽ എന്തിനു എന്നെ നിർബന്ധിചതേ,
സൂര്യൻ നമിക്കും അവളുടെ പ്രഭാവത്തിൽ
എന്നെ അവളോട് ചേർത്തതോ നീ.
ആയിരം പൂർണ്ണചന്ദ്രന്മാർ പരാചിതരാകും
അവളുടെ ശോഭയിൽ.
ആയിരമായിരം തവണ വായിച്ചു ഞാൻ
അവളുടെ മനസ്സിലെ മോഹങ്ങളെ
മനുഷ്യനായതിനാൽ സാധിച്ചുകൊടുക്കാൻ
കഴിയുമോയെന്ന് എന്നിക്കറിയില്ല
എന്നാലും പരിശ്രമിക്കാം ഞാൻ
അവൾ എന്നൊടൊപ്പമുണ്ടെങ്കൽ.......






ABHISHEKE KB
9E

# നിലാവിൽ കുടുങ്ങിയ നേരം

നഷ്ടപ്പെട്ട സന്ധ്യയിൽ
വിരുന്നൊരുക്കുന്ന
തെളിഞ്ഞു ചിരിക്കാനറിയാത്ത
നിലാവ്.

അയാഥാർത്ഥ്യത്തിന്റെ
ചില്ലയിൽ
മണികെട്ടുന്ന
മിഥ്യയിൽ
പടം വരയ്ക്കുന്നവന്റെ
ചിന്ത.

നിലതെറ്റിയവന്റെ
ഘടികാരം
വീണ്ടുമോടിത്തുടങ്ങുന്നു
തിരിച്ചുവരാത്ത
ഒഴുക്കിലേക്ക്.



അഭിജിത്ത് എ.ആർ
9D

# മറഡോണ



മറഡോണ എന്ന പേരുകേൾക്കുമ്പോൾത്തന്നെ കുതിച്ചു പായുന്ന രണ്ട് കാലുകളാകാം നമ്മുടെ മനസ്സിൽ ആദ്യം തെളിഞ്ഞുവരുന്നത്.ആ കാലുകളിൽ അങ്ങോട്ടുമിങ്ങോട്ടും നൃത്തംവയ്ക്കുന്ന ഒരു പന്തും ഉണ്ടാകും.

അതെ, ലോക ഫുട്ബോൾ ചക്രവർത്തിയാണ്, ലോകകായിക പ്രേമികളുടെ ഇഷ്ടതാരമാണ് മറഡോണ. പെലെക്കുശേഷം ഇത്തരമൊരു കളിക്കാരൻ ഫുട്ബോൾകളിയുടെ ചരിത്രത്തിൽ വേറേയില്ല.

അർജന്റീനയുടെ തലസ്ഥാനമായ ബ്യൂനസ് ഐറിസിൽ,ദാരിദ്ര്യത്തിന്റെ നടുവിലാണ് മറഡോണ പിറന്നുവീണത്.ആദ്ദേഹത്തിന്റെ അച്ഛൻ ധാന്യം പൊടിക്കുന്ന ഒരു മില്ലിലെ കൂലിപണിക്കാരനായിരുന്നു. മകനെ വേണ്ടപോലെ തീറ്റിപ്പോറ്റാൻ പാവപ്പെട്ട ആ പിതാവിന് കഴിഞ്ഞിരുന്നില്ല.

പലപ്പോഴും മറഡോണ വിശപ്പുകൊണ്ടു

കരഞ്ഞിരുന്നു.കരഞ്ഞു കരഞ്ഞ് അവൻ കുടിലിന്റെ മൂലയിൽ തളർന്ന്കിടന്നുറങ്ങും. എന്നാൽ അക്കാലത്തും ഫുട്ബോളിനോടുള്ള പ്രത്യേകമായ ഒരു കമ്പം ആ കുട്ടിക്കുണ്ടായിരുന്നു.

കുട്ടിക്കാലത്ത് മറഡോണ ഉറങ്ങിയിരുന്നത് ഒരു ഫുട്ബോൾ കെട്ടിപ്പിടിച്ചുകൊണ്ടാണ് . ഉണർന്നാൽ പന്ത് കാലിലേക്കു മാറുമെന്നു മാത്രം.ഓർമവെച്ച നാൾ മുതൽ മറഡോണ ഫുട്ബോൾ കളിച്ചിരുന്നു.

മറഡോണയ്ക്ക് ഒമ്പതുവയസ്സുള്ള കാലം. സമപ്രായക്കാരായ കുട്ടികളോടൊപ്പം  അവൻ തെരുവോരത്ത് ഫുട്ബോൾ കളിച്ചുകൊണ്ടിരിക്കുകയായിരുന്നു.അപ്പോഴാണ് പ്രസിദ്ധ ഫുട്ബോൾ പരിശീകനായ മറീനോ ഒറീന ആ വഴിക്കുവന്നത്. ആരെയും അദ്ഭുതപ്പെടുത്തുന്ന തരത്തിൽ ഫുട്ബോൾകളിച്ചുകൊണ്ടിരുന്ന ആ കൊച്ചു ബാലനെ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചു.അദ്ദേഹം പറഞ്ഞു നാളെ രാവിലെ നീ റിവർപ്ലേറ്റ് ക്ലബ്ബിലെ മൈതാനത്തേക്കു വരൂ.

പിറ്റേന്ന് മറഡോണ അവിടെയെത്തി ക്ലബ്ബിൽ ഒറീനയും മറ്റുകളിക്കാരും ഉണ്ടായിരുന്നു. അവർ അവിടെ അവനെ കളിപ്പിച്ചുനോക്കി.അസ്സൽ കളി! അങ്ങനെ പത്താമത്തെ വയസ്സിൽ അവൻ ബ്യൂനസ് ഐറിസ്

ക്ലബ്ബിന്റെ ഫുട്ബോൾ ടീമിലെക്കു തിരഞ്ഞെടുക്കപ്പെട്ടു.അവിടെനിന്ന് അവന് മികച്ച പരിശീലനം നേടാൻ കഴിഞ്ഞു.

പതിനാറാമത്തെ വയസ്സുമുതൽ മറഡോണ അർജന്റീനിയൻ ദേശീയ ടീമിനുവേണ്ടി കളിച്ചു തുടങ്ങി.രണ്ട് വർഷം കഴിഞ്ഞപ്പോഴേക്കും അയാൾ അർജന്റീനയിൽ ഫുട്ബോളിന്റെ സർവാധിപതിയായി മാറി.

പൊക്കം കുറഞ്ഞ ശരീരം.കറുത്ത് ചുരുണ്ട് കരുത്തേറിയ തലമുടി.പതിഞ്ഞുകുറുകിയ മൂക്ക്.കാൽ ഒരു റെഡ്ഇന്ത്യക്കാരന്റെ മട്ടുണ്ട്,മറഡോണയ്ക്ക്.എങ്കില്ലും അദേഹത്തിന്റെ ശരീരം ഒരു കാളക്കുറ്റന്റേത് തന്നെയാണ്. "ഫുട്ബോൾ  എന്റെ ജീവരക്തമാണ്.ഫുട്ബോളിനോട് ചേർത്തല്ലാതെ എന്നെക്കുറിച്ച് ചിന്തിക്കാനാവില്ല".എന്നാണ് മറഡോണയുടെ അഭിപ്രായം.



ABHISHEKE KB

# അഗ്നിയിലെ നൊമ്പരം

അഗ്നിയിൽ ആണ്ടു പോയ എൻ കവിതകളിൽ
ഞാൻ കണ്ടു,
മാന്ത്രിക ലോകത്തിൻ മായാത്ത നൊമ്പരം
എൻ ഹൃദയതുടിപ്പിലെ
നൊമ്പര ജ്വാലയായി
അഗ്നിയെ തോൽപ്പിക്കുവാൻ
കഴിയാതെ നിന്നുപോയി
എൻ പാവം കവിതകൾ
ആരെന്നറിയില്ല എങ്ങനെയെന്നറിയില്ല
അഗ്നിക്കു ആഹാരമായി
എൻ കൊച്ചു കവിതകൾ
കത്തികരിഞ്ഞൊരാരാ പുസ്തകത്താളുകളിൽ
ഞാൻ കണ്ടു,
എൻ മനസ്സിലെ നൊമ്പര കാഴ്ച്ചതൻ തീരം
എൻ കവിതകൾ തൻ നൊമ്പരത്തിൽ
മാധുര്യമേകും വരികൾ നിറഞ്ഞൊരാരാ
അക്ഷരങ്ങൾ തൻ മായത്ത 'കണ്ണനീർ'



-കൃഷ്ണ ഗായത്രി . പി
**9F**

# സ്നേഹം

പാരിനെ നിത്യപ്രഭാമയമാക്കുന്ന
പൊന്നിൻ വിളക്കാണ് സ്നേഹം
ശാന്തിതൻ പൂവുകൾ നീളെ വിടർത്തുന്ന
കാന്തിക്കതിരാണ് സ്നേഹം!......

സ്നേഹം തുളുമ്പും നിറകുടമാകട്ടെ
നമ്മുടെ മാനസമെന്നും
സ്നേഹിക്ക നിങ്ങൾ പരസ്പരം കൂട്ടരേ
സ്നേഹമാണീലോകസാരം!....


സ്നേഹമുള്ളേടത്തു മാലാഖമാരുടെ
പൊന്നിൻചിറകടി കേൾക്കാം
സ്നേഹമുള്ളടത്തു വെള്ളപ്പിറാവുകൾ
പാറിക്കളിപ്പതു കാണാം!.....




ABHISHEKE KB

# ഞങ്ങളുടെ സ്വർണ്ണകിരീടത്തിലെ പൊൻ തൂവലുകൾ













# കായികമേഖല










# ആദരാഞ്ജലികൾ



# വിബിൻ എ.കെ

ശ്രീകൃഷ്ണ ഹൈസ്കൂൾ മറ്റത്തൂർ
സ്നേഹസ്മരണകളോടെ
students, staff,PTA,MPTA
Management SKHSMattathur